(സി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികൾക്ക് പ്രിയപ്പെട്ട കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി ജഡായു പാറ മാറുന്നതാണ്.

ഹൗസ് ബോട്ട് വ്യവസായത്തിലെ തകർച്ച

318 (2874) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസ് ബോട്ട് വ്യവസായത്തെ മദ്യനിരോധന നയവും ബാർ നിരോധനനയവും ഗുരുതരമായ രീതിയിൽ ബാധിച്ചിട്ടുണ്ടെന്നുള്ള ഹൗസ് ബോട്ട് വ്യവസായികളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈകൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) വലിയ തുക ബാങ്ക് വായ്പയെടുത്ത് തുടങ്ങിയ പ്രസ്തുത വ്യവസായം മുന്നോട്ടു കൊണ്ടുപോകാനാകുന്നില്ലെന്നും തവണകൾ അടയ്ക്കാൻ പോലും കഴിയുന്നില്ലെന്നും വ്യവസായികൾ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരണം നൽകുമോ ;

(സി) മദ്യനിരോധന നയത്തെ ടൂറിസം വകുപ്പ് സ്വാഗതം ചെയ്യുന്നുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

ഇക്കോ ടൂറിസം പദ്ധതികൾ

319 (2875) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ഇക്കോ ടൂറിസം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഓരോന്നിന്റെയും പ്രത്യേകതകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly